# സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ

2025-26

*നല്ല കുട്ടി വീട്ടിലും നാട്ടിലും*





എ എൽ പി സ്കൂൾ മുള്ളമ്പാറ
മഞ്ചേരി
മലപ്പുറം

# സ്കൂൾ ഫാക്കൽറ്റി



നസീറ ബീഗം സി
ഹെഡ് മിസ്ട്രസ്സ്



അഡ്വ : യു എ ലത്തീഫ്
സ്കൂൾ മാനേജർ



ഷിഹാബുദ്ദീൻ ടി എം
പി ടി എ പ്രസിഡന്റ്



മുഹ്സീന ടിപി
എം പി ടി എ പ്രസിഡണ്ട്



നജീബ ടി



മുഹമ്മദ് ഷബീർ ടി എം



ഫായിദ ടിപി



സിസിലിയ എം



രഹന എ പി



ആയിഷ ബീവി



രഞ്ജിത്ത് ടി എൻ



നദീറ ടി കെ



സലാഹുദ്ദീൻ പി



ലിജു വി



ഷംന ഷെറിൻ



ഷമീമ വി പി



മുഹമ്മദ് ഫായിസ് സി കെ



മുഹമ്മദ് അഫ്തഫ് പി

## കെ ജി ഫാക്കൽറ്റി



ധന്യ കെ



ബിന്ദു കെ ടി



സാജിന പി



നജുമുന്നീസ എം കെ



റജീന സി

## ആമുഖം

***പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങൾ***

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി, നമ്മുടെ പൊതു വിദ്യാലയങ്ങളെ ഗുണനിലവാരത്തിൽ മുൻപന്തിയിൽ നിർത്തുന്നതിന് ആവശ്യമായ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്യുന്നതിനാണ് ഓരോ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്., ആധുനിക വിദ്യാഭ്യാസ സാഹചര്യങ്ങൾക്കനുസരിച്ചും, പുതുതായി നടപ്പാക്കുന്ന വിദ്യാഭ്യാസ നയങ്ങൾക്കനുസരിച്ചും കുട്ടികളുടെ ഭൗതിക, മാനസിക വളർച്ചയ്ക്ക് സഹായകമാകുന്ന രീതിയിലാണ് ഈ പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്..

പൊതുവിദ്യാഭ്യാസത്തെ മികച്ച രീതിയിൽ മുന്നോട്ട് കൊണ്ടുപോകാനും, എല്ലാ കുട്ടികൾക്കും നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കാനും ആണ് ഈ അക്കാദമിക മാസ്റ്റർപ്ലാനിന്റെ പ്രധാന ലക്ഷ്യം, എല്ലാ പൊതു വിദ്യാലയങ്ങളെയും മികവിന്റെ മാതൃകകളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ഒരുക്കുന്ന ഈ മാസ്റ്റർ പ്ലാൻ വിദ്യാലയത്തിന് മികച്ച വഴികാട്ടി ആവുമെന്ന് ഉറപ്പാണ്..

കുട്ടികളുടെ സമഗ്ര തലത്തിലുള്ള വളർച്ച ലക്ഷ്യം വെച്ചുകൊണ്ട് പ്രവർത്തിക്കുന്ന എല്ലാ  പദ്ധതികളെയും ഉത്സാഹത്തോടെ ഏറ്റെടുക്കുന്ന എ എൽ പി സ്കൂൾ മുള്ളമ്പാറയിലെ സജീവമായ പിടിഎ, എം പി ടി എ, അധ്യാപകർ, രക്ഷിതാക്കൾ, പൊതുസമൂഹം, എന്നിവയുടെ സഹകരണത്തോടെ പുതിയ വിദ്യാഭ്യാസ വർഷത്തിലും മികവിന്റെ പാതയിൽ തുടരണം എന്ന ദൃഢ പ്രതിജ്ഞയോടെയാണ് ഈ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്,

വിദ്യാലയത്തെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കുട്ടികളുടെ സമഗ്ര പുരോഗതിക്കുമായി ആസൂത്രണം ചെയ്തിരിക്കുന്ന ഈ അക്കാദമിക മാസ്റ്റർ പ്ലാൻ അതിന്റെ ഉദ്ദേശങ്ങൾ നേടിയെടുക്കുമെന്ന് ഉറപ്പോടെയും അഭിമാനത്തോടെയും സമർപ്പിക്കുന്നു..

ഹെഡ്മിസ്ട്രസ്
എ എൽ പി എസ് മുള്ളമ്പാറ

## *ചരിത്രത്തിലേക്ക്*

മലപ്പുറം ജില്ലയിലെ- മലപ്പുറം വിദ്യാഭ്യാസ ജില്ലയിലെ- മഞ്ചേരി ഉപജില്ലയിൽ- മഞ്ചേരി മുനിസിപ്പാലിറ്റിയിൽ- മുള്ളമ്പാറ എന്ന നയനമ മനോഹര ഗ്രാമത്തിലാണ് എ എൽ പി സ്കൂൾ സ്ഥിതി ചെയ്യുന്നത്, 1979 ൽ ആരംഭിച്ച ഈ സ്ഥാപനം മുള്ളമ്പാറയിലെ രാഷ്ട്രീയ സാമൂഹിക സാംസ്കാരിക പുരോഗതിക്ക് അടിത്തറയിട്ട ഒരു അക്ഷരമുറ്റമായി മാറിയിരിക്കുന്നു,.

പരേതനായ എംകെ അലി , ടി എം മൊയ്തീൻകുട്ടി, നേതാവ് മൊയ്തീൻ ഹാജി, തുടങ്ങിയ മുള്ളമ്പാറ പ്രദേശത്തെ പ്രമുഖരുടെ അർപ്പണ മനോഭാവത്തിന്റെയും യുക്തി വൈഭവത്തിന്റെയും അക്ഷീണ പ്രയത്നത്തിന്റെ ഫലമായി സ്ഥാപിതമായ ഈ വിദ്യാലയം ശ്രീ Adv. യു എ ലത്തീഫ് മാനേജർ ആയി ഏറ്റെടുത്ത് മഞ്ചേരിയിലെ മികച്ച എൽപി വിദ്യാലയമാക്കി നടത്തിവരുന്നു..

പി അബൂബക്കർ, സി ധനലക്ഷ്മി, പത്മജ വി എം, ജെ സി ജേക്കബ്, പ്രസന്ന കെ കെ, സാദിഖ് അലി പി, മുഹമ്മദ് കെ പി എന്നിവരും ഈ വിദ്യാലയത്തിന്റെ വളർച്ചയിൽ പ്രധാന പങ്കുവഹിച്ച പ്രധാനാധ്യാപകരാണ്, ഇപ്പോഴത്തെ ഹെഡ്മിസ്ട്രസ് നസീറ ബീഗം സി ആണ്..

ഇപ്പോൾ സ്കൂൾ മാനേജരായ ശ്രീ അഡ്വക്കേറ്റ് യു എ ലത്തീഫ് സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിൽ അതീവ ജാഗ്രതയുള്ളതും അതിന്റെ വളർച്ചയ്ക്കായി അക്ഷീണം പരിശ്രമിക്കുന്നതുമായ വ്യക്തിയാണ്.,

1979 ൽ സ്കൂൾ രൂപീകരിച്ചതിനു ശേഷം നമ്മുടെ സ്കൂളിന്റെ വളർച്ചയ്ക്കായി പ്രവർത്തിച്ചവരും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതുമായ അധ്യാപകർ

1. പി അബൂബക്കർ
2. ജയാ ശ്രീധർ
3. കദീജ പി
4. രഞ്ജിത എ ആർ
5. പ്രസില്ല ജെ
6. പി വി രുക്മിണി
7. സി ധനലക്ഷ്മി
8. ത്രേസ്യാമ്മ പി ജെ
9. സൂസമ്മ എം എസ്

10. പത്മജ വി എം
11. ജയന്തി സി
12. ഉണ്ണികൃഷ്ണൻ എം
13. ജെസ്സി ജേക്കബ്
14. രവീന്ദ്രൻ പിള്ള കെ
15. ഷീല പി
16. പ്രസന്ന കെ കെ
17. നസീമ സി
18. സുനിൽകുമാർ കെ
19. അബ്ദുൾ അഷറഫ് വി
20. അബ്ദുള്ള ഷാഫി
21. രുക്സാന കെ
22. സാദിഖ് അലി പി
23. റഫീഖ് എൻ
24. ഹസീന പി പി
25. മുഹമ്മദ് കെ പി
26. നസീറ ബീഗം സി
27. നജീബ ടി
28. ഫായിദ ടിപി
29. മുഹമ്മദ് ഷബീർ ടി എം
30. സിസിലിയ മുണ്ടോടൻ
31. ആയിഷ ബീവി
32. രഹന അവുഞ്ഞിപുറം
33. രഞ്ജിത്ത് ടി എൻ
34. നദീറ ടി കെ
35. സലാഹുദ്ദീൻ പി

ഇതിനുപുറമേ **Daily Wage** ആയും, **KG ടീച്ചേഴ്സ്** ആയും പ്രവർത്തിച്ച ഒരുപാട് അധ്യാപകരെയും ഇവിടെ ഓർമ്മിക്കുന്നു, എല്ലാവരുടെയും കൂട്ടായ പരിശ്രമത്തിന്റെയും,അക്ഷീണ പ്രവർത്തനത്തിന്റെയും ഭാഗമായി ആണ് എ എൽ പി മുള്ളമ്പാറ സ്കൂളിന് മഞ്ചേരിയിലെ ഏറ്റവും മികച്ച എൽ പി വിദ്യാലയമായി തല ഉയർത്തി നിൽക്കാൻ സാധിക്കുന്നത്..

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | എ എൽ പി സ്കൂൾ മുള്ളമ്പാറ |
| മേൽവിലാസം | : | മുള്ളമ്പാറ മഞ്ചേരി മലപ്പുറം |
| പ്രധാന അധ്യാപിക | : | നസീറ ബീഗം സി |
| ഫോൺ നമ്പർ | : | 9895162180 |
| സ്കൂൾ കോഡ് | : | 18536 |
| വിദ്യാഭ്യാസ ജില്ല | : | മലപ്പുറം |
| വിദ്യാഭ്യാസ ഉപജില്ല | : | മഞ്ചേരി |
| റവന്യൂ ജില്ല | : | മലപ്പുറം |
| ബി ആർ സി | : | മഞ്ചേരി |
| സി ആർ സി | : | ജി എൽ പി എസ് മഞ്ചേരി |
| മുനിസിപ്പാലിറ്റി | : | മഞ്ചേരി |
| ബ്ലോക്ക് പഞ്ചായത്ത് | | |
| ജില്ലാ പഞ്ചായത്ത് | : | മലപ്പുറം |
| നിയമസഭാ മണ്ഡലം | : | മഞ്ചേരി |
| ലോകസഭാ മണ്ഡലം | : | മലപ്പുറം |
| താലൂക്ക് | : | ഏറനാട് |
| വില്ലേജ് | : | മുള്ളമ്പാറ |
| ഈമെയിൽ വിലാസം | : | mullamparaalpschool@gmail.com |
| ഫേസ്ബുക്ക് | : | Alpschool mullampara |
| യൂട്യൂബ് | : | ഉല്ലാസപ്പറവകൾ |
| ഇൻസ്റ്റാഗ്രാം | : | alpsmullampara |
| സ്കൂൾ വിക്കി | : | |

# പൊതു ലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠന ലക്ഷ്യങ്ങൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക

2. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, അറബി, ഭാഷകളിൽ എഴുതാനും വായിക്കാനും ഉള്ള കഴിവ് നേടി എന്ന് ഉറപ്പുവരുത്തുക

3. ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കും

4. വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിന് ആവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങൾ ഒരുക്കും.

5. ആധുനിക സാങ്കേതികവിദ്യാസാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ് മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കും, അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തും.

6. സ്കൂൾ ലൈബ്രറി വിപുലീകരിക്കുന്നതിന്റെ ഭാഗമായി, കൂടുതൽ പുസ്തകങ്ങൾ സ്കൂളിലേക്ക് എത്തിക്കാനുള്ള നടപടികൾ ആരംഭിക്കും.

7. കമ്പ്യൂട്ടർ ലാബ് ആധുനികവത്ക്കരിക്കുന്നതിന്റെ ഭാഗമായി പിടിഎ, എസ് എം സി, മുനിസിപ്പാലിറ്റി, തുടങ്ങി മറ്റ് എല്ലാ മേഖലകളെയും സഹകരിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യും,

8. സ്കൂളിലെ ഓരോ ക്ലാസും സ്മാർട്ട് ക്ലാസ്സ് ആക്കുന്നതിന്റെ ഭാഗമായി എല്ലാ ക്ലാസ്സ് റൂമുകളിലേക്കും സ്മാർട്ട് ടിവി സ്ഥാപിക്കുന്നതിന് വേണ്ടി എം പി ക്ക് നിവേദനം നൽകും

9. ഓരോ ടേമിലും കുട്ടികൾ നേടേണ്ട അറിവും കഴിവും കുട്ടികൾക്ക് ലഭിക്കുന്നുണ്ടോ എന്ന് മോണിറ്റർ ചെയ്യും,

10. ഒന്നാം ക്ലാസ് മുതൽ നാലാം ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികൾക്കും അക്കാദമിക സപ്പോർട്ടിനായി പാഠഭാഗങ്ങൾക്കനുസൃതമായി വർക്ക് ഷീറ്റുകൾ എസ് ആർ ജിയുടെ നേതൃത്വത്തിൽ ലഭ്യമാക്കും.

11. ഒന്നു മുതൽ നാലാം ക്ലാസ് വരെ ഉള്ള കുട്ടികൾക്ക് അക്ഷരങ്ങൾ എഴുതാനും, കൂട്ടി വായിക്കാനും ബുദ്ധിമുട്ട് നേരിടുന്നവരെ കണ്ടെത്തി വർഷാവസാനത്തിന് മുൻപായി കുട്ടികളെ എഴുതാനും വായിക്കാനും സജ്ജരാക്കുന്ന പ്രവർത്തനം മുന്നേറ്റം എന്ന പേരിൽ നടത്തുന്നതാണ്..

12. ഓരോ കുട്ടിയുടെയും കലാപരമായ ശേഷികൾ തിരിച്ചറിഞ്ഞ് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ക്ലാസ് സ്ഥലത്തിലും സ്കൂൾതലത്തിലും ബാലസഭകൾ സജീവമായി സംഘടിപ്പിക്കും,

13. ആശയപ്രകടന ശേഷി വർദ്ധിപ്പിക്കാൻ സഹായകരമായ രീതിയിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും അപകർഷതാബോധം ഒഴിവാക്കി ആക്ടീവായ വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുക്കും, ഓരോ കുട്ടിയെയും നേതൃത്വപരമായ ശേഷി കൈവരിച്ച പ്രവർത്തിപ്പിക്കുന്നതിന് പ്രചോദനം നൽകും

14. മാലിന്യ മുക്ത വിദ്യാലയം, ഹരിത പെരുമാറ്റ ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ്, മലിനജല നിർമാർജനം തുടങ്ങിയവ കൃത്യമായി നടപ്പാക്കും

15. വിദ്യാലയം ഹൈടെക് ആക്കി മാറ്റും

16. ഓരോ അധ്യാപകരെയും പോസ്റ്റർ മേക്കിങ്, മറ്റ് എഡിറ്റിംഗ് സോഫ്റ്റ് വെയറുകൾ, ഐടി ഉപകരണങ്ങളുടെ സുഗമമായ

ഉപയോഗം തുടങ്ങിയ വിഷയങ്ങളിൽ പരിശീലനം നൽകി മുൻനിരയിലേക്ക് കൊണ്ടുവരും

17. പോക്സോ സംബന്ധമായ ബോധവൽക്കരണം

18. രാസ ലഹരി, മൊബൈൽ അഡിക്ഷൻ, ഗുഡ് പാരന്റിങ് തുടങ്ങിയ വിഷയങ്ങളിൽ രക്ഷിതാക്കൾക്ക് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കും

19. നമ്മുടെ സ്കൂളിലെ കുട്ടികൾക്ക് കലാകായിക പരിശീലനങ്ങൾ നൽകുന്നതിന്റെ ഭാഗമായി
കളരി പരിശീലനം, ഫുട്ബോൾ കോച്ചിംഗ്, ചിത്രരചന പരിശീലനം, എന്നിവ കഴിഞ്ഞവർഷവും നടത്തിയിട്ടുണ്ട്, ഈ വർഷവും വിപുലമായി സംഘടിപ്പിക്കുന്നുണ്ട്

20. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുന്നതിന്റെ ഭാഗമായി ഈസി ഇംഗ്ലീഷ് പദ്ധതി നടപ്പിലാക്കും

21. അറബി ഭാഷയിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുന്നതിന്റെ ഭാഗമായി ഒരു വർഷം നീണ്ടുനിൽക്കുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കും

22. പഠന പ്രവർത്തനങ്ങളുടെ ഭാഗമായി ഫീൽഡ് ട്രിപ്പ്, ലൈബ്രറി സന്ദർശനം, പോസ്റ്റ് ഓഫീസ് സന്ദർശനം തുടങ്ങിയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും..

23. പ്രഥമ ശുശ്രൂഷ പരിചരണത്തിന്റെ ഭാഗമായി കുട്ടികൾക്ക് യഥാർത്ഥ അവബോധം ലഭിക്കുന്നതിന് ഭാഗമായി ഫയർഫോഴ്സിന്റെ സേവനം സ്കൂളിൽ സംഘടിപ്പിക്കും